ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 10.08.2024

## പ്രധാനവാർത്തകൾ

1. വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സാധ്യമായ എല്ലാ പിന്തുണയും ഉറപ്പു നൽകി പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യം ഒന്നാകെ ദുരിതബാധിതർക്കൊപ്പമുണ്ടെന്നും പ്രധാനമന്ത്രി.

2. വയനാട് ദുരന്തം സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി നിവേദനം തയ്യാറാക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ സംസ്ഥാനവുമായി കൈകോർക്കുമെന്നും പ്രധാനമന്ത്രി.

3. ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാടിന് പ്രതീക്ഷ നൽകി പ്രധാനമന്ത്രിയുടെ സന്ദർശനം.
   വയനാട്ടിലെ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ച പ്രധാനമന്ത്രി അവലോകന യോഗത്തിലും പങ്കെടുത്തു.

4. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ലളിതവും ഫലപ്രദവുമായ നികുതി സംവിധാനം ഉറപ്പു വരുത്താനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി നിർമല സീതാരാമൻ.

5. ഒളിമ്പിക്സ് ഗോൾഫിൽ അദിതി അശോകും ദിക്ഷാ ദാഗെറും ഇന്ന് ഫൈനൽ മത്സരത്തിന് ഇറങ്ങും. 33-ാമത് ഒളിമ്പിക്സിന് നാളെ പാരീസിൽ സമാപനമാകും.

*************************************

## പ്രധാനമന്ത്രി - ഇൻട്രോ

വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സാധ്യമായ എല്ലാ പിന്തുണയും നൽകുമെന്ന് ഉറപ്പു നൽകി പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യം ഒന്നാകെ ദുരിതബാധിതർക്കൊപ്പമുണ്ട്. ദുരന്തം സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി നിവേദനം തയ്യാറാക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ സംസ്ഥാനത്തോടൊപ്പം ഉണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു. കളക്ടറേറ്റിൽ അവലോകന യോഗത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

(പി.എം. വോയിസ് )

*************************************

## പ്രധാനമന്ത്രി - വയനാട് - ഇൻട്രോ

RNUTVPM

ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാടിന് പ്രതീക്ഷ നൽകി പ്രധാനമന്ത്രിയുടെ സന്ദർശനം. രാവിലെ വ്യോമസേനയുടെ വിമാനത്തിൽ കണ്ണൂർ എത്തിയ പ്രധാനമന്ത്രിയെ കേരള ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാനും , മുഖ്യമന്ത്രി പിണറായി വിജയനും ചേർന്ന് സ്വീകരിച്ചു. കേന്ദ്രസഹമന്ത്രി സുരേഷ്ഗോപിയും പ്രധാനമന്ത്രിക്കൊപ്പം ഉണ്ടായിരുന്നു. ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ച ശേഷം കൽപ്പറ്റയിൽ അവലോകന യോഗത്തിൽ പങ്കെടുത്തു. ന്യൂഡൽഹിയിലേക്ക് മടങ്ങാനായി കണ്ണൂർ വിമാനത്താവളത്തിലെത്തിയ പ്രധാനമന്ത്രിയെ ഗവർണറും മുഖ്യമന്ത്രിയും ചേർന്ന് യാത്രയാക്കി.

**വിശദാംശങ്ങളിലേക്ക്...**

(വോയ്സ്)

*വയനാട്ടിലെ ദുരന്ത ഭൂമിയിൽ വ്യോമ നിരീക്ഷണം നടത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി കൽപ്പറ്റയിൽ നിന്ന് റോഡ് മാർഗം ചൂരൽമലയിലെത്തി. ചൂരൽമലയിലെ ദുരന്ത ഭൂമിയിൽ അദ്ദേഹം ഏറെ നേരം ചെലവഴിച്ചു. ഉരുൾപൊട്ടലിൽ തകർന്ന വെള്ളാർമല ജിവിഎച്ച്എസ് സ്കൂളും തകർന്ന വീടുകളും പ്രധാനമന്ത്രി കണ്ടു. വെള്ളാർമല സ്കൂളിലെ കുട്ടികളുടെ പഠനത്തെക്കുറിച്ച് ഉൾപ്പടെ അദ്ദേഹം ചീഫ് സെക്രട്ടറി ഡോ. വി വേണുവിൽ നിന്ന് ചോദിച്ചറിഞ്ഞു. പിന്നീട് പ്രധാനമന്ത്രി ബെയ് ലി പാലത്തിലൂടെ അല്പദൂരം നടന്നു. രക്ഷാദൗത്യത്തിൽ പങ്കാളികളായ ഉദ്യോഗസ്ഥരുമായും അദ്ദേഹം സംസാരിച്ചു. ദുരന്തത്തിൻറെ വ്യാപ്തിയും നാടിൻറെ വേദനയും നേരിട്ടറിഞ്ഞാണ് പ്രധാനമന്ത്രി ചൂരൽമലയിൽ നിന്ന് മേപ്പാടിയിലേക്ക് പോയത്. ദുരന്തമേഖല സന്ദർശിച്ച ശ്രീ മോദി മേപ്പാടി സെൻറ് ജോസഫ്സ് സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു. ക്യാമ്പുകളിൽ കഴിയുന്നവരുടെ പ്രതിനിധികളായ ഒൻപതുപേരുമായാണ് പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തിയത്. ദുരന്തത്തിൽ ഉറ്റവരെ നഷ്ടമായവർ സങ്കടങ്ങളും ആശങ്കകളും പ്രധാനമന്ത്രിയുമായി പങ്കുവച്ചു. 25 മിനിട്ടോളം അദ്ദേഹം ക്യാമ്പിൽ ചിലവഴിച്ചു. തുടർന്ന് മേപ്പാടിയിലെ വിംസ് ആശുപത്രിയിൽ എത്തിയ പ്രധാനമന്ത്രി ചികിത്സയിൽ കഴിയുന്നവരെ ആശ്വസിപ്പിച്ചു.*

*ന്യൂസ് ഡെസ്ക്, ആകാശവാണി....*

RNUTVPM

*************************************

**സൂചിപ്പാറ- മൃതദേഹം**

വയനാട് ഉരുൾപൊട്ടലിൽ കാണാതായവർക്കായുള്ള തിരച്ചിലിൽ ഇന്നലെ കണ്ടെത്തിയ മൃതദേഹങ്ങൾ

എയർലിഫ്റ്റ് ചെയ്തു. സൂചിപ്പാറയ്ക്ക് സമീപം കണ്ടെത്തിയ മൂന്ന് മൃതദേഹങ്ങളാണ് വ്യോമസേന ഹെലികോപ്റ്ററിൽ സുൽത്താൻ ബത്തേരിയിൽ എത്തിച്ചത്. തുടർന്ന് ആംബുലൻസിൽ കൽപ്പറ്റ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് മൃതദേഹങ്ങൾ മാറ്റി. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് വയനാട് ജില്ലയിൽ കർശന നിയന്ത്രണങ്ങളുള്ളതിനാൽ മുണ്ടക്കൈ, ചൂരൽമല തുടങ്ങി ദുരന്തബാധിത പ്രദേശങ്ങളിൽ ഇന്ന് തെരച്ചിൽ ഉണ്ടായിരുന്നില്ല. സന്നദ്ധ പ്രവർത്തകർ, തെരച്ചിലുമായി ബന്ധപ്പെട്ട മറ്റുള്ളവർ തുടങ്ങിയവർക്ക് ദുരന്തബാധിത പ്രദേശങ്ങളിൽ പ്രവേശനം ഉണ്ടായിരുന്നില്ല. നാളെ ജനകീയ തെരച്ചിൽ പുനരാരംഭിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

**************************************

## ഷിരൂർ-തിരച്ചിൽ

RNU TVPM

ഷിരൂരിലെ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി തെരച്ചിൽ പുനരാരംഭിക്കുന്നതിൽ രണ്ടു ദിവസത്തിനകം തീരുമാനം ഉണ്ടാകുമെന്ന് A.K.M അഷ്റഫ് MLA അറിയിച്ചു. ഗംഗാവലിപ്പുഴയിലെ അടിയൊഴുക്ക് കുറയുന്നതായി കർണാടക മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചതായി അദ്ദേഹം പറഞ്ഞു.

**************************************

## നിർമല സീതാരാമൻ

രാജ്യത്ത്, സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ലളിതവും ഫലപ്രദവുമായ നികുതി സംവിധാനം ഉറപ്പു വരുത്തുകയാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. നികുതി നിയമങ്ങളും

നടപടികളും ലളിതമാക്കുന്നത് വഴി വളർച്ചാനിരക്ക് ഉയർത്താനും തൊഴിലവസരങ്ങൾ വർധിപ്പിക്കാനും സാധിക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ആർബിഐ ഡയറക്ടർ ബോർഡ് യോഗത്തിൽ പങ്കെടുത്ത ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി. ബാങ്കുകൾ നിക്ഷേപ സമാഹരണം ഉയർത്തണമെന്നും ശ്രീമതി. സീതാരാമൻ പറഞ്ഞു. റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് യോഗത്തിൽ പങ്കെടുത്തു.

************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" പ്രാദേശിക വാർത്തകൾക്ക് ശേഷം കേൾക്കാവുന്നതാണ്.

RNU TVPM

************************************

## ഒളിമ്പിക്സ്

ഒളിംപിക്സിൽ വനിതകളുടെ 76 കിലോ ഫ്രീസ്റ്റൈൽ ഗുസ്തിയിൽ ഇന്ത്യയുടെ റീതിക ഹൂഡ ക്വാർട്ടർ ഫൈനലിൽ പരാജയപ്പെട്ടു. ക്വാർട്ടറിൽ കിർഗിസ്ഥാൻറെ മെഡെറ്റ് കീസി ഏയ്പേരിയോടാണ് റീതിക തോറ്റത്. ഗോൾഫിൽ അദിതി അശോക്, ദിക്ഷാ ദാഗർ എന്നിവർ ഫൈനലിൽ ഇറങ്ങും. പുരുഷന്മാരുടെ 75 കിലോ ഫ്രീസ്റ്റൈയിൽ ഇനത്തിൽ ഇന്നലെ അമൻ സെഹ്റാവത് നേടിയ വെങ്കലത്തോടെ ഇന്ത്യയ്ക്ക് അഞ്ചു വെങ്കലവും ഒരു വെള്ളിയുമുൾപ്പെടെ ആറ് മെഡലുകളാണുള്ളത്. മെഡൽ നേട്ടത്തിൽ നിലവിൽ

അമേരിക്ക ഒന്നാമതും ചൈന രണ്ടാമതുമാണുള്ളത്. 33-ാമത് ഒളിമ്പിക്സിന് നാളെ പാരീസിൽ സമാപനമാകും.

**************************************

## ഡിജി കേരളം - കണ്ണൂർ

ഡിജി കേരളം സർവ്വേ നടപടികൾ പൂർത്തിയാക്കിയ കണ്ണൂർ ജില്ലയിലെ ആദ്യ ഗ്രാമപഞ്ചായത്തായി മാറുകയാണ് കേളകം. കേരള പിറവി ദിനത്തിൽ കണ്ണൂരിനെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷര ജില്ലയായി പ്രഖ്യാപിക്കാനുള്ള ഒരുക്കമാണ് നടക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ല പ്രതിനിധി കെ.ഒ.ശശിധരൻ...**

**(വോയ്സ്)**

**************************************

## വിഴിഞ്ഞം ഹാർബർ - രാജീവ് ചന്ദ്രശേഖർ

വിഴിഞ്ഞത്ത് മത്സ്യബന്ധന തുറമുഖം നിർമിക്കാനുള്ള കേരള സർക്കാരിൻറെ നീക്കത്തെ സ്വാഗതം ചെയ്യുന്നതായി മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ. തിരുവനന്തപുരത്തിൻറെ തീരദേശ വികസനത്തിനു വേണ്ടി താൻ മുന്നോട്ട് വച്ച 100 ദിന കർമ്മ പദ്ധതിയിൽ പരാമർശിക്കപ്പെട്ട ഒരു പ്രധാന നിർദ്ദേശം ഇതോടെ സജീവമാകുന്നതായും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. തീരദേശ ജനതയുമായി സുതാര്യമായ ചർച്ചകൾ നടത്തി വേണം പദ്ധതി റിപ്പോർട്ട് തയ്യാറാക്കേണ്ടതെന്നും അവരുടെ ജീവിതത്തെ ബാധിക്കുന്ന പദ്ധതി സംബന്ധിച്ച ആഘാത പഠനം നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

************************************

## ലക്ഷദ്വീപ് - ബഹിരാകാശം

ദേശീയ ബഹിരാകാശ ദിനാഘോഷങ്ങളുടെ ഭാഗമായി ലക്ഷദ്വീപിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. ISRO യും ലക്ഷദ്വീപ് ശാസ്ത്ര സാങ്കേതിക വിഭാഗവും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി 10 ദ്വീപുകളിലെ വിദ്യാർത്ഥികളുമായി VSSC ഡയറക്ടർ Dr വി.ഉണ്ണികൃഷ്ണൻ നായർ, അസ്സോസിയേറ്റ് ഡയറക്ടർ Dr വി.അശോക് എന്നിവർ ആശയവിനിമയം നടത്തി.

************************************

## പത്തനംതിട്ട ഓൺലൈൻ തട്ടിപ്പ്

RNUTVPM

പത്തനംതിട്ട ജില്ലയിൽ ഓൺലൈൻ തട്ടിപ്പ് വഴി 8 കോടി രൂപയോളം നഷ്ടപ്പെട്ടതായി ജില്ലാ പോലീസ് മേധാവി വി. അജിത്. 2.69 ലക്ഷം രൂപ മാത്രമാണ് വീണ്ടെടുക്കാനായത്. CBI അന്വേഷണ ഉദ്യോഗസ്ഥരെന്ന പേരിൽ വീഡിയോ കോൾ ചെയ്തുള്ള തട്ടിപ്പുകളാണ് ഇപ്പോൾ നടക്കുന്നതെന്നും ജില്ലാ പോലീസ് മേധാവി പറഞ്ഞു. ഇതേ രീതിയിലുള്ള തട്ടിപ്പിൽ കഴിഞ്ഞ ദിവസം യാക്കോബായ നിരണം ഭദ്രാസന മുൻ മെത്രാപ്പോലീത്ത Dr ഗീവർഗീസ് മാർ കൂറിലോസിന് 15 ലക്ഷം രൂപ നഷ്ടപ്പെട്ടിരുന്നു.

************************************

## ഐവർമഠം - ഉരുൾപൊട്ടൽ

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൻറെ പതിനഞ്ചാം ദിവസമായ ചൊവ്വാഴ്ച മൃതിയടഞ്ഞവരുടെ മോക്ഷത്തിനായി മരണാനന്തര കർമങ്ങൾ നിളാതീരത്ത്

നടക്കുമെന്ന് ഐവർമഠം സർവീസ് ഉടമ പി.വി. കൃഷ്ണപ്രസാദ് വാര്യർ അറിയിച്ചു. മോക്ഷ പ്രപ്തിക്കായി പ്രാർഥനയും ഉണ്ടാവും. ബുധനാഴ്ച തിരുവില്വാമല ഐവർമഠം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വെച്ച് അന്നദാനവും നടക്കും.

***************************************************

**********************************

*********************

RNU TVPM